**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5711** **24-03-2025 - ൽ മറുപടിയ്ക്ക്**

**പി.എം.എ.വൈ (നഗരം) പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. ജെ. വിനോദ്** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ നഗരസഭകളിൽ പി.എം.എ.വൈ. (നഗരം) പദ്ധതി വഴി വീട് ലഭിച്ചത് എത്ര ഗുണഭോക്താക്കൾക്കാണെന്നും എത്ര വീടുകളുടെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നുവെന്നും അറിയിക്കുമോ; | (എ) | പി.എം.എ.വൈ. (നഗരം) -ലൈഫ് പദ്ധതി മുഖേന നാളിതുവരെ 127048 വീടുകളുടെ നിർമ്മാണത്തിന് അനുമതി ലഭിച്ചിട്ടുണ്ട്. 1,11221 വീടുകളുടെ നിർമ്മാണം ആരംഭിച്ചതിൽ 89099 വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും 22,122 വീടുകൾ വിവിധ നിർമ്മാണ ഘട്ടത്തിലുമാണ്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ പുതുതായി ഉൾപ്പെടാൻ അർഹതയുള്ള ഭൂമിയുള്ള ഭവന രഹിതർ എത്രയാണെന്ന് അറിയിക്കുമോ; | (ബി) | പി.എം.എ.വൈ. (നഗരം) -ലൈഫ് പദ്ധതി പ്രകാരം ഒന്നാം ഘട്ടത്തിൽ നഗരസഭകൾ സമർപ്പിച്ച ഡി.പി.ആർ. പ്രകാരമുള്ള ഭൂമിയുള്ള ഭവന രഹിതരായ എല്ലാ ഗുണഭോക്താക്കൾക്കും ഭവന നിർമ്മാണത്തിന് അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതിയുടെ രണ്ടാം ഘട്ടമായ പി.എം.എ.വൈ. 2.0 യുടെ ധാരണാ പത്രം ഒപ്പ വയ്ക്കുന്ന വിഷയം സർക്കാർ പരിഗണനയിലാണ്. ആയത് ഒപ്പ വച്ച ശേഷം മാത്രമേ പുതിയ ഗുണഭോക്താക്കളെ കണ്ടെത്തി തുടർ നടപടി സ്വീകരിക്കാനാകു. |
| (സി) | രാജ്യത്ത് 2024 സെപ്റ്റംബറിൽ ആരംഭിച്ച പി.എം.എ.വൈ. 2.0 പദ്ധതിക്കായി ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് കാരണമെന്തെന്ന് അറിയിക്കുമോ; | (സി) | ഇല്ല.<br><br>നിലവിലുള്ള പ്രധാൻ മന്ത്രി ആവാസ് യോജന (PMAY) പദ്ധതി പരിഷ്കരിച്ച് പ്രധാൻ മന്ത്രി ആവാസ് യോജന-അർബൻ 2.0 (PMAY-U 2.0) പദ്ധതിയായി നടപ്പാക്കാൻ കേന്ദ്ര സർക്കാർ തീരുമാനിക്കുകയും കേന്ദ്ര ഹൗസിംഗ് ആന്റ് അർബൻ അഫയേഴ്സ് വകുപ്പ് സെപ്റ്റംബർ 2024 ൽ മാർഗ്ഗ രേഖ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകാൻ Memorandum of Agreement (MoA) ഒപ്പ് വെക്കാൻ കേന്ദ്ര സർക്കാർ സംസ്ഥാനങ്ങളോട് ആവശ്യ പ്പെട്ടിട്ടുണ്ട്. ഈ പദ്ധതിയുടെ എല്ലാ മാർഗ്ഗ നിർദ്ദേശങ്ങളും പാലിച്ചുകൊണ്ട് പദ്ധതി നടപ്പാക്കാൻ സംസ്ഥാനം തയ്യാറാകണം എന്ന MoA ആണ് അംഗീകരിച്ച് നൽകേണ്ടത്.<br><br>പദ്ധതിയുടെ മാർഗ്ഗ രേഖ ഖണ്ഡിക 4.12 പ്രകാരം States/UTs/ULBs will mandatorily display the PMAY-U 2.0 logo prominently in front of all housing |

<table>
<tr>
<td></td>
<td></td>
<td></td>
<td>
units constructed under the scheme. എന്ന നിബന്ധന ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മാർഗ്ഗ രേഖ ഖണ്ഡിക 8.1 പ്രകാരം യൂണിറ്റ് കോസ്റ്റ് 2,50,000 രൂപയായി വർധിപ്പിച്ചിട്ടുണ്ടെങ്കിലും കേന്ദ്ര വിഹിതത്തിൽ വർധനവ് വരുത്തിയിട്ടില്ല. നിലവിലുള്ള പി.എം.എ.വൈ – അർബൻ പദ്ധതിയിലെ കേന്ദ്ര വിഹിതം 1.5 ലക്ഷം രൂപ (75%)യും സംസ്ഥാന സർക്കാർ വിഹിതം 50,000 രൂപ(25%)യുമാണ്. സംസ്ഥാനത്ത് യൂണിറ്റ് കോസ്റ്റ് 4 ലക്ഷം രൂപയായി നിശ്ചയിച്ചിട്ടുള്ളതിനാൽ ബാക്കി 2 ലക്ഷം രൂപ നഗരസഭകൾ വഹിക്കുന്നു. പി.എം.എ.വൈ– അർബൻ 2.0 മാർഗ്ഗരേഖ പ്രകാരം സംസ്ഥാന സർക്കാർ വിഹിതം നിലവിലുള്ള 50,000 രൂയിൽ നിന്നും ഒരു ലക്ഷം രൂപ (40%)യായി വർധിപ്പിച്ചിട്ടുണ്ട്.<br><br>
ഓരോ വീട്ടിലും ലോഗോ വെക്കണമെന്ന നിബന്ധന ആത്മാഭിമാനത്തോടെ ജീവിക്കാനുള്ള വ്യക്തി സ്വാതന്ത്ര്യം ഹനിക്കുന്നതാകയാൽ ഒഴിവാക്കുന്ന കാര്യം പരിശോധിക്കണമെന്ന് കഴിഞ്ഞ വർഷം സംസ്ഥാനം തന്നെ കേന്ദ്രത്തിനോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ കേന്ദ്ര സർക്കാർ പദ്ധതി പരിഷ്കരണ സമയത്തും അത് അംഗീകരിച്ചിട്ടില്ല. ഈ വിഷയത്തിൽ ബഹു മുഖ്യമന്ത്രി 23.12.2024 ൽ പ്രധാനമന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ട്.<br><br>
പ്രധാൻ മന്ത്രി ആവാസ് യോജന-അർബൻ 2.0 MoA ഒപ്പിട്ടതിനു ശേഷമേ പുതിയ ഗുണഭോക്താക്കളെ കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കാനാവൂ.
</td>
</tr>
<tr>
<td>(ഡി)</td>
<td>അർബൻ അഗ്ലോമറേഷന്റെ ഭാഗമായി നഗരസഭകൾക്ക് സമീപ പഞ്ചായത്തുകളെയും പി.എം.എ.വൈ. 2.0 പദ്ധതിയിൽ ഉൾപ്പെടുത്താമെന്നിരിക്കെ ഏതൊക്കെ പഞ്ചായത്തുകൾ ആണ് ഈ ലിസ്റ്റിൽ ഉൾപ്പെടുകയെന്നറിയിക്കാമോ;</td>
<td>(ഡി)</td>
<td>
വികസന അതോറിറ്റികളായ GCDA, GIDA, TRIDA എന്നിവയുടെ (അർബൻ അഗ്ലോമറേഷൻ) പരിധിയിൽ വരുന്ന 34 ഗ്രാമപഞ്ചായത്തുകളെ പി.എം.എ.വൈ (നഗരം)- ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്തുകളുടെ പട്ടിക ചുവടെ ചേർക്കുന്നു.
<table>
<tr><th>ക്രമ നം.</th><th>വികസന അതോറിറ്റി</th><th>ഗ്രാമപഞ്ചായത്ത്</th></tr>
<tr><td>1</td><td>GCDA</td><td>കോട്ടുവള്ളി</td></tr>
<tr><td>2</td><td>GCDA</td><td>ചൂർണ്ണിക്കര</td></tr>
<tr><td>3</td><td>GCDA</td><td>കീഴ്മാട്</td></tr>
<tr><td>4</td><td>GCDA</td><td>കടുങ്ങല്ലൂർ</td></tr>
<tr><td>5</td><td>GCDA</td><td>എടത്തല</td></tr>
<tr><td>6</td><td>GCDA</td><td>ആലങ്ങാട്</td></tr>
<tr><td>7</td><td>GCDA</td><td>ഉദയംപേരൂർ</td></tr>
<tr><td>8</td><td>GCDA</td><td>കുമ്പളം</td></tr>
</table>
</td>
</tr>
</table>

| | | |
|---|---|---|
| 9 | GCDA | ശ്രീമൂലനഗരം |
| 10 | GCDA | വാഴക്കുളം |
| 11 | GCDA | ചെല്ലാനം |
| 12 | GCDA | ഏഴിക്കര |
| 13 | GCDA | കാഞ്ഞൂർ |
| 14 | GCDA | വരാപ്പുഴ |
| 15 | GCDA | ചങ്ങമനാട് |
| 16 | GCDA | നെടുമ്പാശ്ശേരി |
| 17 | GCDA | കുമ്പളങ്ങി |
| 18 | GCDA | മുളന്തുരുത്തി |
| 19 | GCDA | ചോറ്റാനിക്കര |
| 20 | GCDA | വടവുകോട് പുത്തൻകുരിശ് |
| 21 | GCDA | ചേരാനല്ലൂർ |
| 22 | GIDA | മുളവുകാട് |
| 23 | GIDA | കുഴുപ്പിള്ളി |
| 24 | GIDA | നായരമ്പലം |
| 25 | GIDA | കടമക്കുടി |
| 26 | GIDA | പള്ളിപ്പുറം |
| 27 | GIDA | ഞാറക്കൽ |
| 28 | GIDA | എളംകുന്നപ്പുഴ |
| 29 | GIDA | എടവനക്കാട് |
| 30 | TRIDA | കല്ലിയൂർ |
| 31 | TRIDA | വിളവൂർക്കൽ |
| 32 | TRIDA | വിളപ്പിൽ |
| 33 | TRIDA | വെങ്ങാനൂർ |
| 34 | TRIDA | പള്ളിച്ചൽ |

| | | | |
|---|---|---|---|
| (ഇ) | ധാരണാ പത്രം ഒപ്പിടാത്ത പദ്ധതികൾക്ക് ഫണ്ട് നൽകാനാവില്ല എന്ന കേന്ദ്ര സർക്കാർ നിലപാടിന്റെ പശ്ചാത്തലത്തിൽ പി.എം.എ.വൈ. ഒന്നാം ഘട്ടം മാർച്ച് 2025-ന് അവസാനിക്കുമ്പോൾ നിലവിൽ ഭവന നിർമ്മാണം പുരോഗമിക്കുന്ന ഗുണഭോക്താക്കൾക്കുള്ള കേന്ദ്രവിഹിതം തടസ്സപ്പെട്ടുമോ; മാർച്ച് 31-ന് ശേഷം കേന്ദ്ര വിഹിതമായി വരുന്ന അധിക തുക സംസ്ഥാന സർക്കാർ വഹിക്കുമോ; വ്യക്തമാക്കാമോ; | (ഇ) | പി.എം.എ.വൈ (നഗരം)- ലൈഫ് പദ്ധതി ഒന്നാം ഘട്ടം 2025 ഡിസംബർ വരെ ദീർഘിപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (എഫ്) | ഭൂമിയുള്ള ഭവന രഹിതർക്ക് ഭവന നിർമ്മാണത്തിന് നഗരസഭകളിൽ കേന്ദ്ര സഹായമില്ലാതെ പുതിയ പദ്ധതി വിഭാവനം ചെയ്യുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ? | (എഫ്) | പുതിയ പദ്ധതി നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.<br><br>ലൈഫ് നിലവിലുള്ള പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് 3 ലക്ഷം രൂപ നഗരസഭാ വിഹിതമായും ഒരു ലക്ഷം രൂപ സംസ്ഥാന വിഹിതമായും ഉൾപ്പെടുത്തി 4 ലക്ഷം രൂപ ധനസഹായം നൽകിക്കൊണ്ട് ലൈഫ് ഭവന പദ്ധതി നിലവിൽ നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ